മൂസക്കുട്ടി വെട്ടിക്കാട്ടിരി

# മലേഷ്യൻ തെരഞ്ഞെടുപ്പ് എല്ലാം 'പ്രതീക്ഷിതം'

**മലേഷ്യയിൽ** മഹാതീർ തുടങ്ങിവെച്ചത് നജീബ് റസാഖ് പൂർത്തിയാക്കി. അങ്ങനെ അസംബ്ലി തെരഞ്ഞെടുപ്പിൽ ആകെയുള്ള 222 സീറ്റിൽ 127 സീറ്റും 'നേടി' ഭരണകക്ഷി വിജയിച്ചു. 1957-ൽ സ്വാതന്ത്ര്യം നേടിയ ശേഷം പ്രധാനമന്ത്രിയുടെ ഇഷ്ടത്തിനൊത്ത് തുടരുന്ന 'മഹത്തായ' മലേഷ്യൻ ജനാധിപത്യം 56-ാം വർഷത്തിലേക്ക് ഒരു കുലുക്കവുമില്ലാതെ കടക്കുന്നു. തെരഞ്ഞെടുപ്പ് പ്രചാരണ വേളയിൽ അൻവർ ഇബ്റാഹീമിന്റെ നേതൃത്വത്തിലുള്ള പ്രതിപക്ഷ സഖ്യം ഉന്നയിച്ച അഴിമതി ആരോപണങ്ങളെയും ഭരണ ക്രമക്കേടുകളെയുമൊക്കെ അതീജീവിച്ച വിജയം ആരിലും അസൂയ ഉളവാക്കും. പ്രചാരണ വേളയിൽ മുഴുക്കെ മേൽക്കൈ ലഭിക്കുമെന്ന് പ്രവചിക്കപ്പെട്ട അൻവർ ഇബ്റാഹീമിന്റെ ത്രിപാർട്ടി സഖ്യത്തിന് 77 സീറ്റുകൾ. ബാക്കി ചില സീറ്റുകൾ സ്വതന്ത്രരും മറ്റും നേടി. എന്നാൽ, തെരഞ്ഞെടുപ്പിൽ വൻ തോതിൽ കൃത്രിമം നടന്നതായി അൻവർ ഇബ്റാഹീം ആരോപിച്ചു. തെരഞ്ഞെടുപ്പ് ഫലം ചോദ്യം ചെയ്യുമെന്നും അദ്ദേഹം പറഞ്ഞു. തെരഞ്ഞെടുപ്പ് വഞ്ചനക്കെതിരെ പ്രതിഷേധിക്കാൻ ജനങ്ങളോടാവശ്യപ്പെട്ട അൻവർ കലാപങ്ങളിലേക്ക് നീങ്ങരുതെന്നും ആവശ്യപ്പെട്ടു. ■



● നജീബ് റസാഖ്

## ശൈഖ് അൽഹുസൈൻ വിടപറഞ്ഞു

**പ്രശസ്ത** സുഊദി പണ്ഡിതനും, മക്കയിലെയും മദീനയിലെയും ഹറമുകളുടെ മേൽനോട്ടം വഹിക്കുന്ന 'ഇരു ഹറം കാര്യാലയ' അധ്യക്ഷനുമായിരുന്ന ശൈഖ് സ്വാലിഹ് ബിൻ അബ്ദുർറഹ്മാൻ അൽഹുസൈൻ (83) നിര്യാതനായി. കരൾ സംബന്ധമായ രോഗത്തെ തുടർന്ന് ചികിത്സയിലായിരുന്ന ശൈഖ് അൽഹുസൈൻ മെയ് 5-നാണ് വിടപറഞ്ഞത്. ഇസ്ലാമിക സാമ്പത്തിക ശാസ്ത്രത്തിൽ അതീവ പാണ്ഡിത്യമുണ്ടായിരുന്ന അദ്ദേഹത്തിന്റെ ലളിത ജീവിതം ഇസ്ലാമിക പ്രബോധന പ്രവർത്തകർക്ക് മാതൃകയാണ്. മന്ത്രി പദവിയുള്ള സ്ഥാനലബ്ധിക്കു ശേഷവും സ്വയം വിരമിക്കൽ പ്രഖ്യാപിച്ച് നാമമാത്രമായ ശമ്പളം സ്വീകരിച്ചായിരുന്നു അദ്ദേഹം ജീവിച്ചതെന്ന് അറബ് മാധ്യമങ്ങൾ അനുസ്മരിച്ചു. വിവിധ സർക്കാർ, അർധ സർക്കാർ സ്ഥാപനങ്ങളുടെ സാരഥ്യം വഹിച്ചിട്ടുണ്ട്. ഇസ്ലാമിക പ്രബോധന രംഗത്ത് നൽകിയ സേവനങ്ങൾ പരിഗണിച്ച് അദ്ദേഹത്തിന് കിംഗ് ഫൈസൽ അവാർഡ് ലഭിക്കുകയുണ്ടായി. ■



## സാംസ്കാരിക കേന്ദ്രം യാഥാർഥ്യമായതിൽ ക്രൊയേഷ്യൻ മുസ്ലിംകൾക്ക് ആഹ്ലാദം

**വർഷങ്ങളുടെ** കാത്തിരിപ്പിനുശേഷം ക്രൊയേഷ്യൻ മുസ്ലിംകൾക്ക് സ്വപ്ന സാക്ഷാത്കാരം. ക്രൊയേഷ്യയിലെ അഡ്രിയാറ്റിക്കിൽ പള്ളിയടക്കമുള്ള സാംസ്കാരിക സമുച്ചയത്തിന്റ ഉദ്ഘാടനത്തിന് ക്രൊയേഷ്യയിൽനിന്നും അടുത്ത യൂറോപ്യൻ രാജ്യങ്ങളിൽനിന്നുമായി ഇരുപതിനായിരത്തിലധികം മുസ്ലിംകൾ എത്തിച്ചേരുകയുണ്ടായി. 2009-ലാണ് ഖത്തർ അമീർ ശൈഖ് ഹമദ് ബിൻ ഖലീഫ അൽഥാനിയുടെ സാമ്പത്തിക സഹായത്തോടെ കേന്ദ്രത്തിന്റെ പണി ആരംഭിച്ചത്. 13 ദശലക്ഷം ഡോളർ ചെലവിൽ പണിപൂർത്തിയാക്കിയ ഇസ്ലാമിക സാംസ്കാരിക കേന്ദ്രം പള്ളിക്കു പുറമെ കോൺഫറൻസ് ഹാൾ, പഠനമുറികൾ, ഗസ്റ്റ് ഹൗസ്, കളി സ്ഥലങ്ങൾ, ഭക്ഷണ ശാല തുടങ്ങിയവ ഉൾക്കൊള്ളുന്നതാണ്. ചടങ്ങിൽ ഖത്തർ വഖ്ഫ്- ഇസ്ലാമികകാര്യ മന്ത്രി പങ്കെടുത്തു. നാലര ദശലക്ഷത്തോളം വരുന്ന ക്രൊയേഷ്യൻ ജനതയുടെ 1.5 ശതമാനമാണ് മുസ്ലിംകൾ. ■



## ബാങ്ക് വിളിക്ക് മുമ്പിൽ നിശ്ശബ്ദയായി പോപ് ഗായിക



ജസ്റ്റിൻ ബയ്ബർ

**പ്രശസ്ത** കനേഡിയൻ പോപ് ഗായിക ജസ്റ്റിൻ ബയ്ബർ തുർക്കിയിൽ നടത്തിയ ഒരു സംഗീത വിരുന്നാണ് രംഗം. പോപ് സംഗീതം അലയടിച്ചുയരവെ തൊട്ടടുത്ത പള്ളിമിനാരത്തിൽനിന്നുതിർന്ന ബാങ്ക് വിളിക്കുമുമ്പിൽ സംഗീതം മുറിഞ്ഞുപോയത് സദസ്സിൽ കൗതുകമുണർത്തി. തുർക്കിയിലെ ഇസ്തംബൂൾ ടെക്നിക്കൽ കോളേജിൽ നടന്ന സംഗീത വിരുന്നിനിടെ രണ്ടു തവണയാണ് ബാങ്കുവിളിക്കുമുമ്പിൽ ജസ്റ്റീൻ നിശ്ശബ്ദയായത്. ബാങ്കിന്റെ സംഗീത സാന്ദ്രത തന്നിൽ ഒരു പ്രത്യേക അനുഭൂതി ജനിപ്പിച്ചതായി അവർ പറഞ്ഞു. ■

## ഇനി ഫലസ്തീൻ രാഷ്ട്രമാവാമെന്ന് 'ഗൂഗിൾ'

**ഇതുവരെ** ഗൂഗിൾ സെർച്ചിൽ ഫലസ്ത്വീൻ രാഷ്ട്രത്തെ അടയാളപ്പെടുത്തിയിരുന്ന 'ഫലസ്ത്വീൻ പ്രദേശങ്ങൾ' (Palestinian Territories) മാറി ഇനി മുതൽ 'ഫലസ്ത്വീൻ' (Palestine)എന്ന പേരിൽതന്നെ സെർച്ച് ചെയ്യാമെന്ന് പ്രശസ്ത സെർച്ച് എഞ്ചിൻ 'ഗൂഗിൾ'. തീരുമാനം നടപ്പാക്കിയതിന്റെ ഭാഗമായി ഗൂഗിൾ സെർച്ചിൽ ഫലസ്ത്വീൻ പ്രത്യക്ഷപ്പെട്ടു കഴിഞ്ഞു. 'വിർചൽ മാപ്പി'ലൂടെ ഇനി ലോകത്തെവിടെനിന്നും ഫലസ്ത്വീനെ വായിക്കാം. ഗൂഗിളിന്റെ നിലപാട് ഫലസ്ത്വീനിൽ വ്യാപകമായി സ്വാഗതം ചെയ്യപ്പെട്ടു. കഴിഞ്ഞ നവംബറിൽ യു.എന്നിൽ അംഗത്വമില്ലാത്ത നിരീക്ഷക പദവി നേടിയ ശേഷം ഫലസ്ത്വീൻ അതോറിറ്റിയുടെ മറ്റൊരു വിജയമാണ് ഗൂഗിളിന്റെ പുതിയ തീരുമാനം. സ്വാഭാവികമായും വിഷയം ഇസ്രയേലിനെ ചൊടിപ്പിച്ചു. അന്താരാഷ്ട്ര പ്രാധാന്യമുള്ള രാഷ്ട്രീയ വിഷയത്തിൽ ഒരു സ്വകാര്യ ഇന്റർനെറ്റ് കമ്പനിക്കെന്തു കാര്യമെന്നാണ് ഇസ്രയേലി വിദേശ കാര്യ വക്താവ് ചോദിച്ചത്.




എന്നാൽ, കേൾക്കുന്നത്ര സുഖമൊന്നുമില്ല സൈറ്റിൽ 'സെർച്ചു' ചെയ്യുമ്പോൾ. ഫലസ്ത്വീനെ പരിചയപ്പെടുത്തുന്നിടത്ത് 'The region is also known as the Land of Israel' എന്നും കാണാം.

## തന്റെ തീരുമാനങ്ങൾ അമേരിക്കയെ അറിയിക്കാറില്ലെന്ന് മുർസി




**ഈജിപ്തുമായി** ബന്ധപ്പെട്ട രാഷ്ട്രീയ കാര്യങ്ങളിൽ തീരുമാനമെടുക്കാൻ അമേരിക്കയുടെ ഇംഗിതം അറിയേണ്ട കാര്യം തനിക്കില്ലെന്ന് ഈജിപ്ത് പ്രസിഡന്റ് ഡോ. മുഹമ്മദ് മുർസി. കനേഡിയൻ പത്രമായ The Globe and Mail നോട് സംസാരിക്കവെ, ഈജിപ്ത് ജനാധിപത്യത്തിന്റെ വഴിയിൽ പ്രയാണം ആരംഭിച്ചതേയുള്ളൂവെന്നും തന്റെ സർക്കാറിന്റെ ക്ഷേമ പ്രവർത്തനങ്ങളെ വിലയിരുത്താൻ സമയമായില്ലെന്നും മുർസി പറഞ്ഞു. ഒരു ഏകാധിപത്യ സംവിധാനത്തിൽനിന്ന് മാറി ജനങ്ങളുടെ ഹിതമനുസരിച്ചുള്ള ഭരണ സംവിധാനത്തിലൂടെ രാജ്യത്തിന്റെ സാമ്പത്തിക മേഖലയടക്കം അഭിവൃദ്ധിപ്പെടാൻ കുറഞ്ഞത് അഞ്ചുവർഷമെങ്കിലും എടുക്കുമെന്നും മുർസി പറഞ്ഞു.

മുർസിയെ സമർഥനും സത്യസന്ധനുമായ ഭരണാധികാരിയായാണ് കനേഡിയൻ പത്രം വിലയിരുത്തിയത്. ഈജിപ്തിനെ സുസ്ഥിരവും സമ്പന്നവുമായ ഒരു ക്ഷേമ രാഷ്ട്രമാക്കി മാറ്റാൻ മികച്ച അക്കാദമിഷ്യൻ കൂടിയായ ഡോ. മുഹമ്മദ് മുർസിക്ക് കഴിയുമെന്നും പത്രം അഭിപ്രായപ്പെട്ടു.